അസിസ്റ്റന്റുമാരുടെയും സെക്ഷൻ ഓഫീസർമാരുടെയും ശമ്പള നിരക്കിലെ അപാകത

138 (6589) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ് അസിസ്റ്റന്റുമാരുടെയും സെക്ഷൻ ഓഫീസർമാരുടെയും ശമ്പള അനോമലി സംബന്ധിച്ച ഫയലിൽ ധനകാര്യ മന്ത്രി അനോമലി പരിഹരിച്ച് ഉത്തരവിറക്കിയശേഷം മന്ത്രിസഭാ യോഗത്തിൽ വച്ച് റാറ്റിഫൈ ചെയ്താൽമതി എന്നു ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുതശിപാർശ നടപ്പാക്കി ഉത്തരവ് ഇറക്കിയതിൽ നിയമപരമായ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടായിരുന്നോ എന്നും ഉണ്ടായിരുന്നെങ്കിൽ ആയത് എന്താണെന്നും വിശദമാക്കുമോ ;

(സി) പ്രസ്തുത ഫയൽ മന്ത്രിസഭായോഗം നിരാകരിച്ചത് എന്നാണെന്നും അതിനുശേഷം എത്ര അനോമലികൾ പരിഹരിച്ചു നൽകി എന്നും സെക്ഷൻ ഓഫീസർ മുതൽ അസിസ്റ്റന്റ് വരെയുള്ള തസ്തികകളിലെ അനോമലി പരിഹരിച്ച് ഉത്തരവിറക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഫയലിൽ ശിപാർശ ചെയ്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ചിരുന്നു.

(ബി) പ്രസ്തുത ശിപാർശയിൽ മന്ത്രിസഭാ യോഗത്തിൽ അനുകൂല തീരുമാനമുണ്ടായില്ല.

(സി) പത്താം ശമ്പള കമ്മീഷനെ നിയമിക്കുകയും ടേംസ് ഓഫ് റഫറൻസ് അംഗീകരിക്കുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ നിലവിലുള്ള ശമ്പള സ്കെയിലുകളിൽ ഭേദഗതി വരുത്തുന്നത് അനുചിതമാണെന്ന് പരിഗണിച്ച് ഇക്കാര്യം പത്താം ശമ്പള കമ്മീഷന്റെ പരിഗണനയ്ക്കായി വിടുവാൻ 26-2-2014-ലെ മന്ത്രിസഭായോഗം തീരുമാനിക്കുകയുണ്ടായി. പ്രസ്തുത തീരുമാനത്തിനു ശേഷം 17-6-2014-ലെ ജി.ഒ. (എംഎസ്.) നമ്പർ 224/2014/(193)/ധന. പ്രകാരം എം.എൽ.എ.-മാരുടെ പേഴ്സണൽ അസിസ്റ്റന്റുമാരുടെ പ്രതിമാസ അഡീഷണൽ സ്പെഷ്യൽ അലവൻസ് 600 രൂപയിൽനിന്ന് 750 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. (അനുബന്ധം 1).* പത്താം ശമ്പള കമ്മീഷൻ രൂപീകൃതമായതിനാൽ അസിസ്റ്റന്റ് മുതൽ സെക്ഷൻ ഓഫീസർ വരെയുള്ള തസ്തികകളിലെ അനോമലി പരിഹരിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly